"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പരിസ്ഥിതി വകുപ്പ് - കേരള സംസ്ഥാന കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മിഷൻ (Kerala State Climate Change Adaptation Mission - KSCCAM)-ന്റെ ഘടനയും, ചുമതലകളും പ്രവർത്തനങ്ങളും സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരിസ്ഥിതി (ബി) വകുപ്പ്**

സ.ഉ.(കൈ) നം.1/2023/ENVT തീയതി,തിരുവനന്തപുരം, 06-12-2023

---

പരാമർശം:-
1. സ.ഉ. (സാധാ) നം.52/2009/പരി. തീയതി 01.07.2009
2. സ.ഉ. (കൈ) നം.06/2010/പരി. തീയതി 18.12.2010
3. സ.ഉ. (സാധാ) നം.61/2023/പരി. തീയതി 04.08.2023
4. സ.ഉ. (സാധാ) നം.69/2023/പരി. തീയതി 26.09.2023
5. കേരള സംസ്ഥാന കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മിഷൻ ചീഫ് റെസിലിയൻസ് ഓഫീസറുടെ 12-10-2023-ലെ e-mail സന്ദേശം

**<u>ഉത്തരവ്</u>**

കാലാവസ്ഥാ വ്യതിയാനം സംസ്ഥാനത്ത് സൃഷ്ടിക്കുന്ന ആഘാതത്തെക്കുറിച്ച് പഠിക്കുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി പരാമർശം (1) പ്രകാരം Environment Management Agency, Kerala (EMAK) സ്ഥാപിക്കപ്പെടുകയും പരാമർശം (2) പ്രകാരം ടി സ്ഥാപനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റായി രൂപാന്തരപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഉയർന്ന് വരുന്ന വെല്ലുവിളികൾ കണക്കിലെടുത്ത് കാലാവസ്ഥാ വ്യതിയാന കാര്യങ്ങൾ നിരീക്ഷിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി കേരള സംസ്ഥാന കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മിഷൻ (Kerala State Climate Change Adaptation Mission - KSCCAM) പരാമർശം (3) പ്രകാരം രൂപീകരിക്കുകയും, ടി മിഷന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലേക്കായി പരാമർശം (4) പ്രകാരം ചീഫ് റെസിലിയൻസ് ഓഫീസറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. മിഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് പരാമർശം (5) പ്രകാരം ചീഫ് റെസിലിയൻസ് ഓഫീസർ നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. ആയത് സർക്കാർ പരിശോധിക്കുകയും, ചുവടെ ചേർക്കുന്ന പ്രകാരം മിഷന്റെ ഘടനയും, ചുമതലകളും, പ്രവർത്തനങ്ങളും സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

2. മുഖ്യമന്ത്രി ചെയർപേഴ്സൺ ആയ, **ന**യതീരുമാനങ്ങൾ കൈക്കൊള്ളുന്ന മിഷൻ, നയതീരുമാനങ്ങൾ നടപ്പാക്കുന്ന പ്രവർത്തങ്ങൾക്ക് മേൽനോട്ട ചുമതല വഹിക്കുന്ന എക്സിക്യൂട്ടീവ് കമ്മറ്റി, നയം അനുസരിച്ചുള്ള പദ്ധതികൾ നടപ്പാക്കുന്ന മിഷൻ കാര്യാലയം എന്നിങ്ങനെ ത്രിതല സംവിധാനത്തിൽ ആയിരിക്കും കേരള സംസ്ഥാന കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മിഷൻ പ്രവർത്തിക്കുന്നത്. മിഷൻ വർഷത്തിൽ രണ്ട് പ്രാവശ്യം യോഗം ചേർന്ന് വിവിധ വകുപ്പുകളുടെ കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ പ്രവർത്തനങ്ങൾ

വിലയിരുത്തുകയും, ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്യും.

3. കേരളത്തിലെ കാലാവസ്ഥാ വ്യതിയാന പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, പ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിനും പ്രത്യേകമായ ഏജൻസി എന്ന നിലയിൽ കേരള സംസ്ഥാന കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മിഷൻ പ്രവർത്തിക്കുന്നതിന് കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് നിലവിൽ പരിസ്ഥിതി , ഡയറക്ടറേറ്റിനെ ഏൽപ്പിച്ചിട്ടുള്ള ചുമതലകൾ മിഷന്റെ സ്വതന്ത്ര ചുമതലയായി ഏൽപ്പിക്കുകയും ചെയ്യുന്നു.

**I കേരള സംസ്ഥാന കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മിഷന്റെ ഘടന**

1. മുഖ്യമന്ത്രി - ചെയർപേഴ്സൺ

2. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി - അംഗം

3. ജലവിഭവ വകുപ്പ് മന്ത്രി - അംഗം

4. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി - അംഗം

5. ഗതാഗത വകുപ്പ് മന്ത്രി - അംഗം

6. ഫിഷറീസ് വകുപ്പ് മന്ത്രി - അംഗം

7. ചീഫ് സെക്രട്ടറി - അംഗം

8. സെക്രട്ടറി, പരിസ്ഥിതി വകുപ്പ് - വൈസ് ചെയർപേഴ്സൺ

9. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ് - അംഗം

10. പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത വകുപ്പ് - അംഗം

11. പ്രിൻസിപ്പൽ സെക്രട്ടറി, ഊർജ്ജ വകുപ്പ് - അംഗം

12. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് - അംഗം

13. മുഖ്യ കാലാവസ്ഥാ വ്യതിയാന പ്രതിരോധ വിദഗ്ധൻ (ചീഫ് റെസിലിയൻസ് ഓഫീസർ) - മെമ്പർ കൺവീനർ

14. മുഖ്യമന്ത്രി നിർദ്ദേശിക്കുന്ന കാലാവസ്ഥാ അനുയോജ്യ നിർമ്മാണ സാങ്കേതികവിദ്യയിലെ വിദഗ്ധൻ - അംഗം (കാലാവധി 3 വർഷം)

15. മുഖ്യമന്ത്രി നിർദ്ദേശിക്കുന്ന ഹരിത ഊർജ്ജ മേഖലയിലെ വിദഗ്ധൻ - അംഗം (കാലാവധി 3 വർഷം)

16. മുഖ്യമന്ത്രി നിർദ്ദേശിക്കുന്ന ഭൂമിശാസ്ത്രത്തിലെ വിദഗ്ധൻ - അംഗം (കാലാവധി 3 വർഷം)

17. മുഖ്യമന്ത്രി നിർദ്ദേശിക്കുന്ന കാലാവസ്ഥാ അനുരൂപീകരണ സാമ്പത്തികകാര്യ വിദഗ്ധൻ - അംഗം (കാലാവധി 3 വർഷം)

**കേരള സംസ്ഥാന കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മിഷന്റെ ചുമതലകൾ**

- കേരളത്തിൽ കാലാവസ്ഥാ വ്യതിയാന അനുരൂപീകരണം എന്ന ലക്ഷ്യം നേടുന്നതിനായി ആവശ്യമായ നയം, നിയമ പരിഷ്കരണം, നിയമ നിർമ്മാണം, ചട്ട നിർമ്മാണം എന്നിവയ്ക്ക് മേൽനോട്ടം വഹിക്കുക
- സംസ്ഥാന കാലാവസ്ഥാ വ്യതിയാന പ്രവർത്തന പദ്ധതി അവശ്യാനുസരണം പരിഷ്കരിച്ച് സർക്കാരിന് ശുപാർശ ചെയ്യുക
- കാർബൺ ബഹിർഗമനം കുറയ്ക്കൽ, കാർബൺ അക്കൗണ്ടിംഗ്, കാർബൺ ട്രേഡിംഗ് എന്നിവ സംസ്ഥാനത്ത് നടപ്പാക്കുന്നതിന് പൊതുവായ ഒരു പ്രവർത്തന, സാമ്പത്തിക ചട്ടക്കൂട് സൃഷ്ടിക്കുക
- കേരളത്തിൽ കാലാവസ്ഥാ വ്യതിയാന അനുരൂപീകരണം സാധ്യമാകുന്നതിന് ഉതകുന്ന തരത്തിൽ സംസ്ഥാനത്തിന്റെ പഞ്ചവത്സര പദ്ധതി പരിഷ്കരിക്കുവാൻ ആസൂത്രണ ബോർഡിന് ശിപാർശ നൽകുക
- കേരളത്തിൽ കാലാവസ്ഥാ വ്യതിയാന അനുരൂപീകരണം സാധ്യമാകുന്നതിന് ഉതകുന്ന തരത്തിൽ സംസ്ഥാന/ജില്ലാ/തദ്ദേശ സ്ഥാപനതല ദുരന്ത ലഘൂകരണ പദ്ധതി പരിഷ്കരിക്കുവാൻ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിക്ക് ശിപാർശ നല്കുക
- ദുരന്ത പ്രതിരോധ നിധി (Disaster Mitigation Fund — National/State), കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്വ ഫണ്ട് (Corporate Social Responsibility Funds), Carbon Credit Money, green Funds, ദേശീയ-അന്തർദേശീയ ധന/ധനേതര സഹായങ്ങൾ, സന്നദ്ധ സംഘടനകൾ, യു.എൻ സ്ഥാപനങ്ങൾ, ലോക ബാങ്ക്, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക്, വിവിധ അന്തർദേശീയ വികസന ഫണ്ടുകൾ, ബാങ്കുകൾ എന്നിവിടങ്ങളിൽനിന്നും ലഭിക്കുന്ന സഹായങ്ങൾ/ലോണുകൾ വിനിയോഗിച്ച് കേരളത്തിൽ കാലാവസ്ഥാ വ്യതിയാന അനുരൂപീകരണം എന്ന ലക്ഷ്യം നേടുന്നതിനായി പദ്ധതികൾ നടപ്പിലാക്കുക
- കേരള സംസ്ഥാന കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മിഷന്റെ പ്രവർത്തനത്തിന് ആവശ്യമായ അധിക തസ്തികകൾ, സേവന-വേതന വ്യവസ്ഥകൾ എന്നിവ സർക്കാർ വാർഷിക പദ്ധതിയിൽ മിഷനായി അനുവദിക്കുന്നതിൽ കൂടുതൽ വാർഷിക സാമ്പത്തിക ബാധ്യത ഇല്ലാതെ അംഗീകരിക്കൽ. സർക്കാരിന് അധിക വാർഷിക സാമ്പത്തിക ബാധ്യത ഉണ്ടെങ്കിൽ ആവശ്യകത പരിശോധിച്ച് സർക്കാരിന് ശിപാർശ ചെയ്യുക
- മിഷൻ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുള്ള തസ്തികകളിൽ നിയമനം നടത്തുവാൻ മിഷൻ കാര്യാലയത്തിന് അനുമതി നൽകൽ
- ചെയർമാൻ തീരുമാനിക്കുന്ന മറ്റ് വിഷയങ്ങൾ

മിഷൻ യോഗങ്ങൾക്കിടയിൽ ഉള്ള സമയങ്ങളിലോ, യോഗം ചേരുവാൻ അസൗകര്യം

ഉള്ള സാഹചര്യങ്ങളിലോ മിഷന് വേണ്ടി തീരുമാനങ്ങൾ കൈകൊള്ളാൻ ഉള്ള അധികാരം ചെയർപേഴ്സണിലും വൈസ് ചെയർപേഴ്സണിലും നിക്ഷിപ്തമായിരിക്കും; അത്തരം തീരുമാനങ്ങൾ അടുത്ത മിഷൻ യോഗത്തിൽ കൺവീനർ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**II മിഷന്റെ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ ഘടന**

1. പരിസ്ഥിതി വകുപ്പ് സെക്രട്ടറി - ചെയർപേഴ്സൺ

2. മുഖ്യ കാലാവസ്ഥാ വ്യതിയാന പ്രതിരോധ വിദഗ്ധൻ (ചീഫ് റെസിലിയൻസ് ഓഫീസർ) - മെമ്പർ കൺവീനർ

3. എക്സിക്യുട്ടീവ് വൈസ് പ്രസിഡൻറ്, ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ - അംഗം

4 ഡയറക്ടർ, പരിസ്ഥിതി വകുപ്പ് - അംഗം

5. മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി - അംഗം

**മിഷന്റെ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ ചുമതലകൾ**

- കേരള സംസ്ഥാന കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മിഷൻ കാര്യാലയത്തിന്റെ വാർഷിക പ്രവർത്തന പദ്ധതി പരിശോധിച്ച് അംഗീകരിക്കുക
- കേന്ദ്ര-സംസ്ഥാന സർക്കാരേതര പദ്ധതികളിലൂടെ മിഷൻ കാര്യാലയത്തിന് ലഭിക്കുന്ന വരുമാനം ഒരു കോർപ്പസ് ഫണ്ട് ആയി സൂക്ഷിക്കുന്നതിനും വിനിയോഗിക്കുന്നതിനും ഉള്ള പദ്ധതിക്ക് അംഗീകാരം നൽകൽ
- മിഷൻ പ്രവർത്തനങ്ങളുടെ വാർഷിക അക്കൗണ്ട്സ് ഓഡിറ്റ് ചെയ്യുവാൻ ആയി ഓഡിറ്ററെ ചുമതലപ്പെടുത്തുകയും, ഓഡിറ്റ് റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്യുക.
- മിഷൻ പ്രവർത്തനങ്ങളുടെ വാർഷിക റിപ്പോർട്ട് അംഗീകരിക്കുക

എക്സിക്യൂട്ടീവ് കമ്മറ്റിയുടെ യോഗങ്ങൾക്കിടയിൽ ഉള്ള സമയങ്ങളിലോ, യോഗം ചേരുവാൻ അസൗകര്യം ഉള്ള സാഹചര്യങ്ങളിലോ എക്സിക്യൂട്ടീവ് കമ്മറ്റിക്ക് വേണ്ടി തീരുമാനങ്ങൾ കൈകൊള്ളാൻ ഉള്ള അധികാരം ചെയർപേഴ്സണിൽ നിക്ഷിപ്തമായിരിക്കും. അത്തരം തീരുമാനങ്ങൾ അടുത്ത എക്സിക്യൂട്ടീവ് കമ്മറ്റി യോഗത്തിൽ കൺവീനർ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**മിഷൻ കാര്യാലയം**

മിഷൻ കാര്യാലയത്തിന്റെ പ്രവർത്തനം പരാമർശം (3)-ലെ ഉത്തരവ് പ്രകാരം അനുവദിച്ച തസ്തികകളിൽ ഉള്ള ഉദ്യോഗസ്ഥരാൽ ആയിരിക്കും പ്രവർത്തിക്കുക. മിഷൻ കാര്യാലയം തിരുവനന്തപുരം ആയിരിക്കും.

**കാര്യാലയത്തിന്റെ ചുമതലകൾ**

- മിഷന്റെ വാർഷിക പ്രവർത്തന പദ്ധതി തയ്യാറാക്കുക, അംഗീകാരത്തോടെ നടപ്പാക്കുക
- കേരളത്തിൽ കാലാവസ്ഥാ വ്യതിയാന അനുരൂപീകരണം എന്ന ലക്ഷ്യം നേടുന്നതിനായി ആവശ്യമായ നയം, നിയമ പരിഷ്കരണ ശിപാർശ, നിയമ നിർമ്മാണ ശിപാർശ, ചട്ട നിർമ്മാണ ശിപാർശ എന്നിവ തയ്യാറാക്കി മിഷന് സമർപ്പിക്കുക
- കേന്ദ്ര സർക്കാർ/സർക്കാർ സ്ഥാപനങ്ങൾ/നബാർഡ് എന്നിവ കേരളത്തിനായി അനുവദിക്കുന്ന കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച പദ്ധതികൾക്കുള്ള നോഡൽ ഏജൻസി ആയി പ്രവർത്തിക്കുക
- സംസ്ഥാന കാലാവസ്ഥാ വ്യതിയാന പ്രവർത്തന പദ്ധതി (State Action Plan on Climate Change) കാലികമായി പുതുക്കുന്നതിനുള്ള സംസ്ഥാനതല സ്ഥാപനമായി പ്രവർത്തിക്കുക.
- സംസ്ഥാനത്തിന്റെ പഞ്ചവൽസര പദ്ധതി, സംസ്ഥാന/ജില്ല/തദ്ദേശ സ്ഥാപന തല ദുരന്ത ലഘൂകരണ പദ്ധതികൾ എന്നിവ കേരളത്തിൽ കാലാവസ്ഥാ വ്യതിയാന അനുരൂപീകരണം സാധ്യമാകുന്നതിന് ഉതകുന്ന തരത്തിൽ പരിഷ്കരിക്കുവാൻ ആവശ്യമായ സാങ്കേതിക ശിപാർശകൾ മിഷന്റെ പരിഗണനയ്ക്കായി തയ്യാറാക്കുക
- സംസ്ഥാന തലത്തിൽ, കാർബൺ ബഹിർഗമനം കുറയ്ക്കൽ, കാർബൺ അക്കൗണ്ടിംഗ്, കാർബൺ ട്രേഡിംഗ് എന്നിവയുടെ മിഷൻ അംഗീകരിച്ച പ്രവർത്തന, സാമ്പത്തിക ചട്ടക്കൂടിൽ പ്രവർത്തിക്കുന്നതിന് വിവിധ സർക്കാർ-സർക്കാരേതര സംവിധാനങ്ങളെ ഏകോപിപ്പിക്കുക, സാങ്കേതിക സഹായം നൽകുക
- കേരളത്തിലെ കാർഷിക-കാലാവസ്ഥാ മേഖലകൾക്ക് (Agro-climatic zones) കാലാവസ്ഥാ അടിസ്ഥാനരേഖകൾ (Climate Baselines) തയ്യാറാക്കുക, നിരന്തരം വ്യതിയാന അവലോകനം നടത്തുക
- നിരീക്ഷണ-അവലോകന സംവിധാനം സ്ഥാപിക്കുക, തുടർ നടത്തിപ്പ് ഉറപ്പ് വരുത്തുക
- അതിസൂക്ഷ്മ കാലാവസ്ഥാ വ്യതിയാന ആഘാത അവലോകനം നടത്തുകയും, തദ്ദേശ സ്ഥാപനങ്ങളെ അനുരൂപീകരണ പ്രവർത്തന പദ്ധതികൾ തയ്യാറാക്കുവാൻ സഹായിക്കുകയും ചെയ്യുക
- ദുരന്ത പ്രതിരോധ നിധി (Disaster Mitigation Fund – National/State), കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്വ ഫണ്ട് (Corporate Social Responsibility Funds), Carbon Credit Money, Green Funds, ദേശീയ-അന്തർദേശീയ ധന/ധനേതര സഹായങ്ങൾ, സന്നദ്ധ സംഘടനകൾ, യു.എൻ സ്ഥാപനങ്ങൾ, ലോക ബാങ്ക്, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക്, വിവിധ അന്തർദേശീയ വികസന ഫണ്ടുകൾ, ബാങ്കുകൾ എന്നിവിടങ്ങളിൽനിന്നും സഹായങ്ങൾ/ലോണുകൾ കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുകയും, നടപ്പിലാക്കുകയും/നടപ്പിലാക്കുന്നതിന് മേൽനോട്ടം വഹിക്കുകയും ചെയ്യുക
- വിവിധ കേന്ദ്ര-സംസ്ഥാന സർക്കരേതര പദ്ധതികളിൽ നിന്നും പദ്ധതി ശേഷം ഉള്ള നീക്കിയിരിപ്പ് കോർപ്പസ് ഫണ്ട് ആയി സൂക്ഷിക്കുകയും, മിഷൻ എക്സിക്യൂട്ടിവ് കമ്മിറ്റിയുടെ അനുമതിയോടെ വിനിയോഗിക്കുകയും ചെയ്യുക
- കാലാവസ്ഥാ വ്യതിയാന അനുരൂപീകരണത്തിന് പ്രാദേശികമായി ഫലപ്രദം അല്ലാത്ത പ്രവർത്തികൾ കണ്ടെത്തി അവയുടെ ആഘാതം ലഘൂകരിക്കുവാൻ സാങ്കേതിക ഉപദേശം സർക്കാർ സംവിധാനങ്ങൾക്കും സ്വകാര്യ സ്ഥാപനങ്ങൾക്കും സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കും നൽകുക
- മിഷൻ പ്രവർത്തനങ്ങൾ, കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ സന്ദേശങ്ങൾ എന്നിവ

പത്ര, ശ്രാവ്യ, ദൃശ്യ, സാമൂഹിക മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുക

- കാലാവസ്ഥാ വ്യതിയാന അനുരൂപികരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് സർക്കാർ, സന്നദ്ധ സംഘടനകൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവർക്കായി ആവശ്യമായ പരിശീലന/അവബോധന പരിപാടികൾ നടപ്പിലാക്കുക
- മിഷൻ പ്രവർത്തനങ്ങളുടെ വാർഷിക റിപ്പോർട്ട് തയ്യാറാക്കി, എക്സിക്യൂട്ടീവ് കമ്മറ്റിയുടെ അംഗീകാരത്തോടെ സർക്കാരിന് സമർപ്പിക്കുക

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രത്തൻ യു കേൽക്കർ ഐ എ എസ്
സെക്രട്ടറി

ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ്
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്
ചീഫ് റെസിലിയൻസ് ഓഫീസർ, കാലാവസ്ഥാ വ്യതിയാന അനുരൂപീകരണ മിഷൻ & മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ്
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
സയൻസ് & ടെക്നോളജി വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ട് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം
പരിസ്ഥിതി (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ വിഭാഗം (വെബ് സൈറ്റൽ upload ചെയ്യുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് :-

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ജലവിഭവ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഗതാഗത വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഫിഷറീസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിക്ക്
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്
പരിസ്ഥിതി വകുപ്പ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്
ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.-യ്ക്ക്
ഊർജ്ജ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.-യ്ക്ക്
പരിസ്ഥിതി വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.-യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ